പതിമൂന്നാം കേരള നിയമസഭ

**ആറാം സമ്മേളനം**

12-12-2012-ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ
ചോദ്യം നം: 970

**വാച്ച് റിപ്പയറിംഗ് മേഖലയിൽ ക്ഷേമനിധി**

| ചോദ്യം<br>ശ്രീ.കെ.രാജു | ഉത്തരം<br>ശ്രീ.ഷിബു ബേബി ജോൺ<br>(ബഹു.തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി |
|---|---|
| എ) സംസ്ഥാനത്ത് കാൽ ലക്ഷത്തോളം പേരുടെ ജീവനമാർഗ്ഗമായ വാച്ച് റിപ്പയറിംഗ് മേഖലയിൽ പണിയെടുക്കുന്നവർക്കായി എന്തൊക്കെ ക്ഷേമപദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ; | എ) കേരള കൈത്തൊഴിലാളി വിദഗ്ധ തൊഴിലാളി ക്ഷേമപദ്ധതിയിൽ ഇവർക്ക് അംഗങ്ങളാകാവുന്നതും ടി പദ്ധതി പ്രകാരമുള്ള എല്ലാ ആനുകൂല്യങ്ങളും ലഭിക്കുന്നതുമാണ്. ആനുകൂല്യങ്ങളുടെ വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട് . |
| ബി) ഇവർക്കായി പ്രത്യേക ക്ഷേമനിധി ആവിഷ്കരിച്ച് നടപ്പിലാക്കുമോ; | ബി) ഇപ്പോൾ പരിഗണനയിലില്ല. |
| സി) ഈ മേഖലയിൽ പണിയെടുക്കുന്നവർക്കായി എന്തൊക്കെ ക്ഷേമപദ്ധതികളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | സി) (എ) പിരിവിനുള്ള ഉത്തരത്തിൽ വിശദവിവരങ്ങൾ ഉൾകൊള്ളിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

കേരള കൈ തൊഴിലാളി വിദഗ്ധ തൊഴിലാളി ക്ഷേമ പദ്ധതിയിൽ നിന്നും നൽകിവരുന്ന വിവിധ ആനുകൂല്യങ്ങൾ :-

1. റിട്ടയർമെന്റ് ആനുകൂല്യം :

60വയസ്സ് പൂർത്തിയാക്കുന്ന അംഗത്തിന് സർവ്വീസിന്റെ ദൈർഘ്യം അനുസരിച്ച് 600/-രൂപ മുതൽ 62720/-രൂപ വരെ റിട്ടയർമെന്റ് ആനുകുല്യമായി നൽകിവരുന്നു.

2. വിവാഹധനസഹായം :

പദ്ധതിയിൽ ഒരുവർഷം പൂർത്തിയാക്കിയ അംഗത്തിന്റെ പെൺമക്കളുടെ വിവാഹത്തിന് 1000/-രൂപ ധനസഹായമായി നൽകിവരുന്നു. ഒരു കുടുംബത്തിലെ മാതാവും പിതാവും പദ്ധതിയിലെ അംഗമാണെങ്കിലും അതിൽ ഒരാൾക്ക് മാത്രമേ ആനുകൂല്യം ലഭിക്കുവാൻ അർഹത ഉണ്ടായിരിക്കുകയുള്ളൂ. ഈ ആനുകൂല്യം സർവ്വീസ് കാലയളവിൽ രണ്ടുതവണ മാത്രമേ ലഭിക്കുകയുള്ളൂ.

3. പ്രസവാനുകൂല്യം :

പദ്ധതിയിൽ ഒരുവർഷം പൂർത്തിയാക്കിയ സ്ത്രീകളായ അംഗങ്ങൾക്ക് പ്രസവാനുകൂല്യമായി 500/-രൂപ വീതം നൽകിവരുന്നു. ഈ ആനുകുല്യം സർവ്വീസ് കാലയളവിൽ രണ്ടുതവണ മാത്രമേ ലഭിക്കുകയുള്ളു.

4. സ്കോളർഷിപ്പ് :

പദ്ധതിയിൽ ഒരു വർഷം പൂർത്തിയാക്കിയ അംഗങ്ങളുടെ മക്കൾക്ക് പ്ലസ്ടു മുതൽ പ്രൊഫഷണൽ കോഴ്സ് വരെയുള്ള പഠനത്തിന് 300/-രൂപ മുതൽ 1000/-രൂപ വരെയുള്ള സ്കോളർഷിപ്പ് നൽകിവരുന്നു.

5. മരണാനന്തര ധനസഹായം :

പദ്ധതിയിൽ അംഗമായിരിക്കെ മരണമടയുന്ന അംഗത്തിന്റെ അവകാശിയ്ക്ക് മരണാനന്തര ധനസഹായമായി 10,500/-രൂപയും അതോടൊപ്പം അംഗത്തിന്റെ സർവ്വീസിന് ആനുപാതികമായ റിട്ടയർമെന്റ് ആനുകുല്യവും നൽകിവരുന്നു.

6. **ചികിത്സാധനസഹായവും അവശതാപെൻഷനും :**

സ്ഥായിയായ അവശത സംഭവിച്ച് തൊഴിൽ ചെയ്യാൻ കഴിയാത്ത അംഗത്തിന് മെഡിക്കൽ ബോർഡ് നൽകുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഭരണസമിതി തീരുമാനത്തിന് വിധേയമായി ചികിത്സാ ധനസഹായമായി 3000/-രൂപയോ അഥവാ അംഗത്വ കാലാവധിക്ക് ആനുപാതികമായ റിട്ടയർമെന്റ് ആനുകൂല്യമോ ഏതാണ് കൂടുതൽ അത് നൽകി അംഗത്വം അവസാനിപ്പിക്കുന്നതും കൂടാതെ അവശതാ പെൻഷനും നൽകിവരുന്നു. നിലവിൽ 400/- രൂപയാണ് അവശതാപെൻഷനായി നൽകി വരുന്നത്. അംഗമായി 2വർഷം പൂർത്തിയാക്കിയാൽ മാത്രമേ ഈ ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കുകയുള്ളൂ. കൂടാതെ ക്യാൻസർ, ഹൃദ്രോഗം, കിഡ്നി മുതലായ മാരകമായ അസുഖത്തിന് ചികിത്സാധനസഹായമായി അംഗങ്ങൾക്ക് അംഗീകൃത മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഭരണസമിതി തീരുമാനപ്രകാരം ചികിത്സാധനസഹായമായി 3000/-രൂപ അനുവദി ക്കുന്നു. ഈ ആനുകൂല്യത്തിന് 1 വർഷത്തെ അംഗത്വം നിലനിർത്തിയിരിക്കേണ്ടതാണ്. ഇത് സർവ്വീസ് കാലയളവിൽ ഒരിക്കൽ മാത്രമേ ലഭിക്കുകയുള്ളൂ.

7. **പെൻഷൻ :**

ഈ പദ്ധതിയിൽ നിന്നും 10 വർഷത്തെ അംഗത്വം നിലനിർത്തി 60 വയസ്സ് പൂർത്തിയാക്കി റിട്ടയർമെന്റാനുകൂല്യം കൈപ്പറ്റുന്ന അംഗങ്ങൾക്ക് 'കേരള അൺഓർഗനൈസ്ഡ് റിട്ടയേർഡ് വർക്കേഴ്സ് പെൻഷൻ ഫണ്ട് സ്കീം - 2008'-ൽ ഉൾപ്പെടുത്തി സംസ്ഥാന തൊഴിൽ വകുപ്പ് മുഖേന സർക്കാർ പെൻഷൻ നൽകിവരുന്നു.

സെക്രട്ടറി